KSEB
കേരളത്തിന്റെ ഊർജ്ജം

KERALA STATE ELECTRICITY BOARD Ltd
(Incorporated under the Companies Act, 1956)
Registered Office: Vydyuthi Bhavanam, Pattom,
Thiruvananthapuram – 695 004
CIN: U40100KL2011SGC027424
Website: www.kseb.in
Phone: : +91 471 2514472, 2514527, 2514455, 2514608
Email: po@kseb.in.

**ABSTRACT**

ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലുണ്ടായ അപകടത്തിൽ 80% പ്രാപ്തിക്കുറവ് സംഭവിച്ച, മേലാമുറി ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ ആയ ശ്രീ.ചിന്മയാനന്ദന് 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച നിയമത്തിലെ സെക്ഷൻ 20 അനുശാസിക്കുന്ന സംരക്ഷണം ലഭ്യമാക്കണമെന്ന അപേക്ഷ - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

**Corporate Office (പേഴ്സണൽ ഡിപ്പാർട്ട്മെന്റ്)**

BO (FTD)No.3/2024(PS-ST1/2023/1845) /19 Thiruvananthapuram,Dated: 04.01.2024

Read: 1. 29.05.2023 തീയതി പ്രകാരമുള്ള ചീഫ് എഞ്ചിനീയർ (എച്ച് ആർ എം) ന്റെ കുറിപ്പ്.

2. പാലക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദവിവര റിപ്പോർട്ട്.

3. പാലക്കാട് മെഡിക്കൽ അതോറിറ്റി നൽകിയ 06.02.2023 തീയതി പ്രകാരമുള്ള ഡിസബിലിറ്റി സർട്ടിഫിക്കറ്റ്.

4. 05.07.2023 തീയതി പ്രകാരം കെ എസ് ഇ ബി ലിമിറ്റഡ് ചെയർമാൻ & മാനേജിങ് ഡയറക്ടർ മുൻപാകെ സമർപ്പിച്ച കുറിപ്പ്.

5. 18.10.2023 തീയതി പ്രകാരം കെ എസ് ഇ ബി ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാർ മുൻപാകെ സമർപ്പിച്ച കുറിപ്പ് No.PS-ST1/2-23/1845(3) (അജണ്ട നം.3-1/2024).

**ORDER**

മേലാമുറി ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാനായ ശ്രീ ചിന്മയാനന്ദന് 25.02.2022 ൽ ഔദ്യോഗിക കൃത്യനിർവഹണത്തിനിടയിലുണ്ടായ അപകടത്തിൽ 80% പ്രാപ്തിക്കുറവ് സംഭവിക്കുകയുണ്ടായി.

ശ്രീ. ചിന്മയാനന്ദൻ 31.05.2025 ൽ സർവീസിൽ നിന്നും വിരമിക്കുകയാണ്. 2016 ലെ ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ടും ചട്ടങ്ങളും സെക്ഷൻ 20 അനുശാസിക്കുന്ന തൊഴിലിടത്തിലെ സംരക്ഷണം അനുസരിച്ച് Domicile സെക്ഷൻ ആയ മേലാമുറി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ സൂപ്പർന്യൂമററി ആയി നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. ചിന്മയാനന്ദൻ ഉചിതമാർഗേന അപേക്ഷ നൽകിയിട്ടുണ്ട്. Department of Empowerment of Persons with Disabilities, Ministry of Social Justice and Empowerment, Government of Kerala യുടെ പാലക്കാട് മെഡിക്കൽ അതോറിറ്റി നൽകിയ 06.02.2023 ലെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് (സൂചന 3) പ്രകാരം ശ്രീ. ചിന്മയാനന്ദന് 80% സ്ഥായിയായ പ്രാപ്തിക്കുറവ് സംഭവിച്ചിട്ടുണ്ട്. സൂചന (2) പ്രകാരമുള്ള പാലക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ വിശദവിവര റിപ്പോർട്ടിൽ ശ്രീ. ചിന്മയാനന്ദന്റെ സാമ്പത്തിക സ്ഥിതി പരിതാപകരമാണ് എന്നും ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച നിയമത്തിലെ Section 20 പ്രകാരമുള്ള സംരക്ഷണത്തിന് ടിയാനെ പരിഗണിക്കണമെന്നും

ശുപാർശ ചെയ്തിരിക്കുന്നു.

ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുച്ഛേദം 4 ൽ സർവീസിലിരിക്കെ വൈകല്യം സംഭവിച്ച ഒരു ജീവനക്കാരനെ, ടിയാൻ നേരത്തെ നിർവ്വഹിച്ചുപോന്നിരുന്ന ചുമതലകൾ നിർവഹിക്കാൻ കഴിയാത്ത പക്ഷം ടിയാൻ നേരത്തെ ജോലി ചെയ്തിരുന്ന തസ്തികയുടെ അതേ ശമ്പള സ്കെയിലും ആനുകൂല്യങ്ങളുമുള്ള മറ്റൊരു തസ്തികയിലേക്ക് മാറ്റി നിയമിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഏതെങ്കിലും • തസ്തികയിൽ ആ ജീവനക്കാരനെ ഉൾക്കൊള്ളിക്കുന്നതിന് സാധ്യമല്ലാത്ത സാഹചര്യത്തിൽ അനുയോജ്യമായ മറ്റൊരു തസ്തിക ലഭിക്കുന്നതുവരെയോ സൂപ്പർ ആനുവേഷൻ പ്രായം എത്തുന്നതുവരെയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ടിയാനെ അതിൽ നിലനിർത്തേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു. മേൽ വിഷയം പരാമർശം 4 പ്രകാരം കെഎസ്ഇബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ് ഡയറക്ടർ മുൻപാകെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. സൂചന കുറിപ്പ് KSEB ലിമിറ്റഡ് മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിച്ചു. ഈ കുറിപ്പിന്റെയും സമർപ്പിക്കപ്പെട്ട രേഖകളുടെ അടിസ്ഥാനത്തിൽ മുഴുവൻ സമയ ഡയറക്ടർമാർ തീയതി താഴെ പറയും പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്.

മേലാമുറി ഇലക്ട്രിക്കൽ സെക്ഷനിലെ ലൈൻമാൻ ഗ്രേഡ് I ആയ ശ്രീ. ചിന്മയാനന്ദന് ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾ ആക്ട് 2016 സെക്ഷൻ 20 അനുശാസിക്കുന്ന തൊഴിലിടത്തിലെ സംരക്ഷണം ലഭ്യമാക്കുന്നതിനായി, അനുയോജ്യമായ മറ്റൊരു തസ്തിക ലഭിക്കുന്നതുവരേയൊ സൂപ്പർ ആനുവേഷൻ പ്രായം എത്തുന്നതുവരേയോ ഇവയിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ പാലക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ ഉൾപ്പെടുന്ന അദ്ദേഹത്തിന്റെ Domicile സെക്ഷൻ ആയ മേലാമുറി ഇലക്ട്രിക്കൽ സെക്ഷനിൽ ലൈൻമാൻ ഗ്രേഡ് I ന്റെ ഒരു സംഖ്യാതീത തസ്തിക സൃഷ്ടിച്ച് ആ തസ്തികയിൽ നിയമിക്കുന്നതിനു വേണ്ട ക്രമീകരണം ARU തലത്തിൽ നടത്തുവാൻ തീരുമാനിച്ചു.

മേൽ സംരക്ഷണത്തിനായി സൃഷ്ടിക്കപ്പെടുന്ന സഖ്യാതീത തസ്തികയ്ക്ക് ടിയാന്റെ സൂപ്പർ ആനുവേഷൻ തീയതി വരെ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുവന്നു.

**By Order of the**
**Full Time Directors**

**Sd/-**

**LEKHA G**
**Company Secretary**

To:

The Chief Engineer (HRM)

Copy to: ചീഫ് എഞ്ചിനീയർ (IT, CR&CAPS)/ ഫിനാൻഷ്യൽ അഡ്വൈസർ/ ലീഗൽ ലെയ്സൺ ഓഫീസർ/ചീഫ് ഇന്റേണൽ ഓഡിറ്റർ/ കമ്പനി സെക്രട്ടറി

എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, പാലക്കാട്.
പബ്ളിക് റിലേഷൻസ് ഓഫീസർ/ RCAO/RAO
ടി.എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി.എ ടു ഡയറക്ടർ ഇൻ ചാർജ്ജ് (Generation – Civil)
ടി.എ ടു ഡയറക്ടർ ഇൻ ചാർജ്ജ് (Generation – Electrical, REES, SOURA, Sports & Welfare)
ടി.എ ടു ഡയറക്ടർ (Distribution, Safety, Supply Chain Management & Information Technology)
ടി.എ ടു ഡയറക്ടർ ഇൻ ചാർജ്ജ് (Transmission, System Operation & Planning)
പി.എ ടു ഡയറക്ടർ ഇൻ ചാർജ്ജ് (Finance & HRM)
സി.എ ടു സെക്രട്ടറി (ഭരണം)
കരുതൽ ഫയൽ.

Forwarded / By Order

Senior Superintendent